## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6888** **21-03-2023 - ൽ മറുപടിയ്ക്ക്**

## വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | ജി.ഒ.(ആർ.റ്റി.) 101/2020/സാംസ്കാരികകാര്യ വകുപ്പ് നമ്പർ ഉത്തരവ് പ്രകാരം ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള സർക്കാർ നടപടികൾക്കെതിരെ കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി)നമ്പർ. 19497/2021 ആയി ഫയൽ ചെയ്യപ്പെട്ട കേസിലെ ഇടക്കാല ഉത്തരവ് നീക്കിക്കിട്ടുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത കേസിൽ സർക്കാർ സ്വീകരിച്ച നിലപാടുകൾ സംബന്ധിച്ച രേഖകളുടെ പകർപ്പ് നൽകാമോ; | (എ) | എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിൽപ്പെടുന്ന വലിയ തമ്പുരാൻ കോവിലകം 04.03.2020-ലെ സ.ഉ.(സാധാ.) നം.101/2020-സാം.കാ.വ. പ്രകാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ ഡോ.രാഘവൻ, ശ്രീമതി പൊന്നമ്മ രാഘവൻ എന്നിവർ W.P.(C)No.19497/2021 നമ്പരായി ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത കേസിൽ ഹർജി തീർപ്പാക്കുന്നതുവരെ തൽസ്ഥിതി തുടരുന്നതിനു ബഹു.കോടതി ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഒന്നാം എതിർ കക്ഷിയായ സർക്കാരിനുവേണ്ടി കേസ് ഡിഫന്റ് ചെയ്യാൻ അഡ്വക്കേറ്റ് ജനറലിന് 28.04.2022-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് (കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു). ഈ കേസിൽ പുരാവസ്തു വകുപ്പ് ഡയറക്ടർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. കേസ് കോടതിയിൽ നിലനിൽക്കുകയാണ്. |
| (ബി) | ചരിത്ര പ്രാധാന്യമുള്ള പുരാവസ്തുവായ വലിയ തമ്പുരാൻ കോവിലകത്തിന്റെ തൽസ്ഥിതി തുടരുന്നതിനുള്ള എന്തെല്ലാം സുരക്ഷാ സംവിധാനങ്ങളാണ് ഉറപ്പുവരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | സ്മാരകം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കവേ നിലവിലുള്ള കെട്ടിടങ്ങളിൽ മാറ്റം വരുത്തുന്നതായും നശിപ്പിച്ചു കളയാൻ സാധ്യത ഉള്ളതായും പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് എല്ലാ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും നിർത്തി വെയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടറോട് പുരാവസ്തു വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചതിനെ തുടർന്ന് എല്ലാവിധ പ്രവൃത്തികളും നിർത്തി വെയ്ക്കണമെന്ന നോട്ടീസ് സ്മാരകത്തിൽ പതിച്ചിട്ടുണ്ട്. 19.01.2017-ലെ സ.ഉ.(സാധാ) നം.19/2017-സാം.കാ.വ പ്രകാരം കോവിലകവുമായി ബന്ധപ്പെട്ട വസ്തുവകകളുടെ ഉടമസ്ഥത ഉൾപ്പെടെയുള്ള വിശദാംശങ്ങൾ |

| | | | |
|---|---|---|---|
| | | | ശേഖരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

Cultural Affairs (B) Department

No174/B1/2020-CLAD 28-04-2022,Thiruvananthapuram

From

Additional Chief Secretary to Government

To

The Advocate General, Kerala
Ernakulam.

Sir,

Sub: Cultural Affairs Department- WP(C) No.19497/2021-Copy forwarding of -Reg

Ref: Fax message of Senior Government Pleader, dated 20.09.2021

I am to invite your attention to your letter cited and request you to make necessary arrangement to defend the WP(C) no.19497/2021, on behalf of Government as and when it comes up for hearing. A copy of the Writ Petition may be made available to Government inorder to prepare Statement of Facts. The Director of Archaeology has been instructed to provide necessary details and the Statement of facts direct to that office.

Yours Faithfully,
PRAMOD V R
ഡെപ്യൂട്ടിസെക്രട്ടറി
For Additional Chief Secretary to Government.

Approved for Issue,

Section Officer.

Copy to :
The Director, Archaeology department (You are requested to furnish para-wise statement of facts to AG under intimation to Government by return)

സെക്ഷൻ ഓഫീസർ